പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2457 **27-10-2026-ൽ മറുപടിയ്ക്ക്**

പീഷിൾസ് ഐ മൊബൈൽ ആപ്പ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച നിയമവിരുദ്ധ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിനും എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പീപ്പിൾസ് ഐ മൊബൈൽ ആപ്പിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും അനധികൃത വിൽപ്പന, വിതരണം, ഉപയോഗം എന്നിവ തടയുന്നതിനായി പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുകയാണ് **പീഷിൾസ് ഐ** മൊബൈൽ ആപ്പിന്റെ പ്രധാന ലക്ഷ്യം. വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ മയക്കുമരുന്നുകളുടെയും അനധികൃത മദ്യത്തിന്റെയും നിർമ്മാണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി 16-09-2026 മുതൽ 'പീപ്പിൾസ് ഐ' എന്ന മൊബൈൽ ആപ്പ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്പ് വഴി സമർപ്പിക്കുന്ന പരാതികൾ പ്രസ്തുത പ്രദേശത്തിന്റെ ചുമതലയുള്ള എക്സൈസ് റേഞ്ച്/സർക്കിൾ ഓഫീസിലേക്ക് ഓട്ടോമേറ്റഡ് റൂട്ടിംഗ് (Automated Routing) വഴി ഉടനടി കൈമാറ്റം ചെയ്യപ്പെടുന്നു. ഫീൽഡ് ഓഫീസുകൾ സ്വീകരിക്കുന്ന നടപടികൾ എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് തത്സമയം (Real-time tracking) നിരീക്ഷിക്കാനുള്ള സംവിധാനവും ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത ദിവസത്തിനുള്ളിൽ പരാതിയിൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ടി പരാതി അന്വേഷിക്കുന്നതിന് ഒരു സീനിയർ ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനും സംവിധാനം നിലവിലുണ്ട്. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ആപ്പ് സഹായിക്കും.

(ബി) ലഹരിവസ്തുക്കളുടെ വിൽപ്പന, വിതരണം, ഉപയോഗം എന്നിവ സംബന്ധിച്ച പരാതികളും വിവരങ്ങളും പൊതുജനങ്ങൾക്ക് പ്രസ്തുത ആപ്പിലൂടെ അറിയിക്കുന്നതിന് സൗകര്യമുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിൽ സമയബന്ധിതമായി അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: ലഹരിവസ്തുക്കളുടെ നിയമവിരുദ്ധമായ വിൽപ്പന, വിതരണം, ഉപയോഗം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഫോട്ടോ, വീഡിയോ, ഓഡിയോ എന്നിവ സഹിതം പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ആപ്പിൽ ലഭ്യമാണ്. ലഭിക്കുന്ന ഓരോ പരാതിയും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള എക്സൈസ് ഓഫീസിലേക്ക് (സർക്കിൾ/റേഞ്ച് തലത്തിൽ) സ്വയമേവ കൈമാറപ്പെടുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കാത്ത പക്ഷം പരാതി മേലുദ്യോഗസ്ഥർക്ക് സ്വയമേവ കൈമാറുന്ന സംവിധാനവും പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും സ്ഥിതി വിവരങ്ങളും ഉൾപ്പെടുന്ന ട്രാക്കിംഗ് സംവിധാനവും ഇതിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ, ഉന്നത ഉദ്യോഗസ്ഥർക്ക് ജില്ല, ഓഫീസ് എന്നിവ തിരിച്ചുള്ള റിപ്പോർട്ടുകളും സ്ഥിതിവിവരക്കണക്കുകളും പരിശോധിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

(സി) പരാതിക്കാരുടെ വ്യക്തിവിവരങ്ങളുടെ രഹസ്യസ്വഭാവം ഉറപ്പാക്കുന്നതിനും പരാതികൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: വ്യക്തിഗത വിവരങ്ങൾ നൽകാതെ പരാതി സമർപ്പിക്കുന്നതിനുള്ള സൗകര്യം ആപ്പിൽ ലഭ്യമാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന പരാതികളിൽ പരാതിക്കാരന്റെ വ്യക്തിത്വം തിരിച്ചറിയുന്നതിനുള്ള വിവരങ്ങൾ സിസ്റ്റത്തിൽ ശേഖരിക്കപ്പെടുന്നില്ല. രജിസ്റ്റർ ചെയ്ത് ലോഗിൻ മുഖേന പരാതി സമർപ്പിക്കുന്നവരുടെ വ്യക്തിഗത വിവരങ്ങളും രഹസ്യമായി സൂക്ഷിക്കുന്നു.

(ഡി) പ്രസ്തുത ആപ്പിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാലയങ്ങൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: 'പീപ്പിൾസ് ഐ' ആപ്ലിക്കേഷനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വാർത്താ മാധ്യമങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ, വിദ്യാലയങ്ങൾ, കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും തണ്ടർ ആന്റി നാർക്കോട്ടിക് ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ തുടർച്ചയായി സംഘടിപ്പിച്ചു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ